

ഭദ്രൻ

ചലച്ചിത്രസംവിധായകൻ

# ആ അദൃശ്യസാമീപ്യത്തിൽ എല്ലാം ഭദ്രം

പാലായാണ് എന്റെ നാട്. മാന്നാനവുമായി അധികം ദൂരമൊന്നുമില്ല. ചെറുപ്പത്തിൽതന്നെ ചാവറയച്ചനെക്കുറിച്ചു കേട്ടിരുന്നു. അന്നൊക്കെ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ മധ്യസ്ഥയായി കണ്ടാണ് പ്രാർഥിച്ചിരുന്നത്. സ്കൂളിലെ മുതിർന്ന ക്ലാസുകളിൽ എത്തിയപ്പോഴാണ് ചാവറയച്ചനെക്കുറിച്ചു കൂടുതൽ അറിഞ്ഞത്. അദ്ദേഹത്തിന്റെ ലളിതമായ ജീവിതശൈലി എന്നെ വളരെയധികം ആകർഷിക്കുകയും ചെയ്തു. വിശുദ്ധനിലേക്കുള്ള ആ അച്ചന്റെ വളർച്ചയെക്കുറിച്ചു പഠിച്ചപ്പോഴാണ് അദ്ദേഹത്തോടു കൂടുതൽ ബഹുമാനം തോന്നിയതും.

വളരെ ചെറുപ്പത്തിൽത്തന്നെ ചാവറയച്ചനെക്കുറിച്ച് മനസിലാക്കിയിട്ടുണ്ടെങ്കിലും മാന്നാനം പള്ളിയിൽ പോകാൻ സാധിച്ചിട്ടുള്ളത് ഒരു പ്രാവശ്യം മാത്രം. മാന്നാനത്തുകൂടി പലതവണ പോയിട്ടുണ്ട്. പള്ളിയിൽ കയറണമെന്ന് കരുതിയിട്ടുണ്ട്. പക്ഷേ, തിരക്കുകൾക്കിടെ കഴിഞ്ഞില്ല. മാന്നാനം പള്ളി കേന്ദ്രീകരിച്ച് എന്റെ ഒരു സിനിമ ചിത്രീകരിക്കണമെന്നത് ഒരു മോഹമായിരുന്നു. അതു നടന്നത് 'സ്ഫടിക'ത്തിന്റെ ചിത്രീകരണസമയത്താണ്. ആദ്യമായും അവസാനമായും ഞാൻ മാന്നാനം പള്ളിയിൽ പോയതും ഈ സമയത്തുതന്നെ. ചിത്രത്തെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയപ്പോൾത്തന്നെ മാന്നാനം പള്ളിയാണ് എന്റെ മനസിൽ വന്നത്. ചാവറയച്ചന്റെ അനുഗ്രഹാശിസുകളുള്ള പള്ളി. കഥയുടെ പശ്ചാത്തലത്തിലും പള്ളി ചിത്രീകരിക്കേണ്ടതായുണ്ട്.

'സ്ഫടികം' സിനിമയുടെ ആദ്യഷോട്ട് എടുത്തത് പള്ളിക്കുള്ളിൽവച്ചാണ്. എന്റെ ഏറ്റവും വലിയ ആഗ്രഹവുമായിരുന്നത്.

ചിത്രത്തിന്റെ ചിത്രീകരണം തുടങ്ങുന്നതിനു മുമ്പ് ഞങ്ങൾ പ്രത്യേക ദിവ്യബലി നടത്തി. കൈപ്പംപ്ലാക്കൽ അച്ചനാണ് അന്ന് കുർബാന അർപ്പിച്ചത്. എല്ലാ യൂണിറ്റംഗങ്ങളും പങ്കെടുത്തു. ചാവറയച്ചന്റെ അനുഗ്രഹമാവാം കാര്യമായ യാതൊരു തടസവും കൂടാതെ ചിത്രീകരണം പൂർത്തിയായി. പിന്നീട് മലയാളത്തിലെ ഏറ്റവും നല്ല ചിത്രങ്ങളിൽ ഒന്നായി 'സ്ഫടികം' മാറുകയും ചെയ്തു. ചാവറയച്ചന്റെ അനുഗ്രഹാശിസുകൾ ഒന്നു കൊണ്ടുമാത്രമാണ് എനിക്ക് ഇങ്ങനെയൊരു വിജയം സൃഷ്ടിക്കാൻ കഴിഞ്ഞതെന്ന് വിശ്വസിക്കുന്നു.

സ്ഫടികത്തിനുശേഷം നിരവധി സിനിമകൾ ഞാൻ ചെയ്തു. ഒരു സിനിമ വീണ്ടും മാന്നാനം പള്ളിയിൽ ചിത്രീകരിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഇതുവരെ അവസരം കിട്ടിയിട്ടില്ല. ഒന്നുകിൽ ചിത്രത്തിൽ പള്ളിക്കുപറ്റിയ കഥാസന്ദർഭം ഉണ്ടാകില്ല. അല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രശ്നങ്ങൾ.

അടുത്ത സിനിമയെങ്കിലും ചാവറ കുര്യാക്കോസച്ചന്റെ മാന്നാനം പള്ളിയിൽനിന്ന് തുടങ്ങണമെന്നാണ് ആഗ്രഹം. ആ വിശുദ്ധന്റെ അനുഗ്രഹങ്ങൾ ഉണ്ടെങ്കിൽ യാതൊരു വിധ തടസങ്ങളും ഉണ്ടാകില്ലെന്ന് തീർച്ച.

***ശരീരത്തിനുള്ള ഭക്ഷണം കുട്ടികൾക്കു നൽകുന്നതു പോലെ ആത്മാവിനുള്ള ഭക്ഷണവും നൽകണം.***



***അതിധാരാളിത്തവും അതിലുബ്ധും ഒരുപോലെ തിന്മകളാകുന്നു.***